**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **22-07-2021 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സോളാർ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | പുരപ്പുറ സോളാർ പദ്ധതിയുടെ പുരോഗതി സംസ്ഥാന സർക്കാർ തലത്തിലും, Central Renewable Energy Department - ഉം, Kerala State Electricity Board Limited - ഉം വിലയിരുത്തുന്നുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ലക്ഷക്കണക്കിന് കുടുംബങ്ങൾ രജിട്രേഷൻ നടത്തിയെങ്കിലും ആയിരത്തിൽ താഴെ സ്ഥലങ്ങളിൽ മാത്രമാണ് സോളാർ പാനൽ സ്ഥാപിക്കുവാൻ സാധിച്ചിട്ടുള്ളതെന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 2019-20 കാലഘട്ടത്തിൽ രണ്ട് ലക്ഷത്തിലധികം പേർ രജിസ്റ്റർ ചെയ്തെങ്കിലും ഇവയിൽ നിന്നും പരിശോധനയ്ക്ക് ശേഷം 42,458 സൈറ്റുകൾ തെരഞ്ഞെടുക്കുകയുണ്ടായി. ലഭിച്ച സൈറ്റുകളിൽ നിന്നും അനുയോജ്യമെന്ന് കണ്ടെത്തിയ 2331 സൈറ്റുകളിൽ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയിൽ 21000 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൺസ്യൂമറും കെ.എസ്.ഇ.ബി.എൽ - ഉം ആയി എഗ്രിമെന്റ് വയ്ക്കുന്നതിലുള്ള കാലതാമസവും, കൺസ്യൂമർ പണം മുടക്കേണ്ട മോഡലുകളിൽ പണം മുടക്കാത്തതും, കോവിഡ്-19 പകർച്ചവ്യാധിയും, ലോക് ഡൗൺ, ട്രിപ്പിൾ ലോക് ഡൗൺ, കമ്പനി ലോക് ഡൗൺ മുഖേനയുള്ള സോളാർ പാനലുകളുടെ ദൗർല്ലഭ്യം എന്നിവയാണ് ആയിരത്തിൽ താഴെ സൈറ്റുകളിൽ മാത്രം പാനലുകൾ സ്ഥാപിയ്ക്കാൻ ഇടയായത്. എന്നാൽ, ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി ഗവൺമെന്റ് വകുപ്പുകളുമായി മീറ്റിംഗ് നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇവ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഇലക്ട്രിക്കൽ സെക്ഷനിലും/ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലും നോഡൽ ഓഫീസറെ തെരഞ്ഞെടുക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അസ്സോസിയേഷനുകളുമായി മീറ്റിംഗുകൾ നടത്താൻ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി മോഡൽ - ന്റെ കപ്പാസിറ്റി 28 മെഗാവാട്ടിൽ നിന്നും 35 മെഗാവാട്ട് ആയി വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ ആയി മുന്നോട്ട് പോകുന്നു. |

സെക്ഷൻ ഓഫീസർ